(11) ഭൂമി വിട്ടുനല്കിയവർക്ക് നഷ്ടപരിഹാരം

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് നെയ്യാറിന് കുറുകെ പോകുന്ന പാഞ്ചിക്കാട് കടവ് പാലം. ഈ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോൾ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അഡ്വാൻസായി വിട്ടുകൊടുത്ത അതിന്റെ ഉടമകൾക്ക് അവരുടെ ഭൂമിക്കുള്ള വില കൊടുക്കുന്ന കാര്യത്തിൽ സർക്കാർ അമാന്തം വെടിഞ്ഞ് കുറേക്കൂടി കാര്യക്ഷമമാക്കി അതിനാവശ്യമായ നടപടി സ്വീകരിക്കുകയും എത്രയും പെട്ടെന്ന് അവരുടെ വില കൊടുക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പാഞ്ചിക്കാട് കടവ് പാലം, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയിൽ 'ബി', 'സി' കാറ്റഗറിയിലുൾപ്പെട്ട ഭൂമിക്ക് ഡി.എൽ.പി.സി. ശിപാർശചെയ്ത വില എസ്.എൽ.ഇ.സി. അംഗീകരിച്ചിട്ടുണ്ട്. സമ്മതപത്രം നല്കിയ ഭൂവുടമകൾക്ക് അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം നല്കുന്നതിലേയ്ക്കായി ടി ഭൂവുടമകളുടെ ഉടമസ്ഥാവകാശ രേഖകളുടെ പരിശോധന പൂർത്തിയായിട്ടുള്ളതും അർഹതപ്പെട്ടവർക്ക് അവാർഡ് പാസ്സാക്കി 31-12-2015-ന് മുമ്പ് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതുമാണ്. 'എ' കാറ്റഗറിയിലെ ഭൂവുടമകൾ, 'ബി' കാറ്റഗറിയിലെ സമ്മതപത്രം നല്കാത്ത ഭൂവുടമകൾ എന്നിവരുമായി 18-12-2015-ന് വീ-നെ ഗോഷിയേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(12) ഭൂനികുതി നിരസിക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, താമരശ്ശേരി താലൂക്കിൽ കട്ടിപ്പാറ വില്ലേജിൽ ഉൾപ്പെട്ട രണ്ടുകണ്ണി, വട്ടച്ചാൽ പ്രദേശത്ത് താമസിക്കുന്ന ഏകദേശം അമ്പതോളം നാമമാത്ര കർഷകർ ഇപ്പോൾ വലിയ കഷ്ടത്തിലാണ്. 1960 മുതൽ കൈവശം വച്ചുവരുന്നതും വീട് നിർമ്മിച്ചു താമസിച്ചുവരുന്നതുമായ ഇവരുടെ ഭൂനികുതി 2014 വരെ വില്ലേജുകളിൽ സ്വീകരിച്ചിരുന്നു. എന്നാൽ 2014 ജൂൺ മുതൽ നികുതി സ്വീകരിക്കുന്നില്ല. 54 വർഷത്തോളം നികുതി അടച്ച് യഥേഷ്ടം ക്രയവിക്രയം നടത്തിവന്നിരുന്ന ഭൂമിക്ക് ഒരു സുപ്രഭാതത്തിൽ നികുതി സ്വീകരിക്കുന്നില്ലായെന്നുള്ള അറിയിപ്പ് കർഷകരെ ആകെ ദുരിതത്തിലാക്കിയിരിക്കുകയാണ്. വിവാഹം നടത്താനും വീടുവയ്ക്കാനും മറ്റുമായി ഭൂമി വില്പന നടത്തി എഗ്രിമെന്റ് എഴുതിയവരും ബാങ്കിൽ ലോണിനായി അപേക്ഷ നല്കിയവരും ഇപ്പോൾ വല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

കഷ്ടത്തിലാണ്. കൂലിപ്പണി ചെയ്ത് ഉപജീവനം കഴിക്കുന്നവരും വേറെ ഒരു സെന്റ് ഭൂമി പോലും സ്വന്തമായി ഇല്ലാത്തവരുമായ ഈ പാവപ്പെട്ട കുടുംബങ്ങളുടെ അപേക്ഷ പരിഗണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ വട്ടച്ചാൽ, രണ്ടുകണ്ണി എന്നീ സ്ഥലങ്ങൾ റീസർവ്വേ 90-ൽ ഉൾപ്പെട്ടതാണ്. റീസർവ്വെ 3(1) എന്ന് കാണിച്ചിട്ടുള്ളത് ശരിയല്ല. മേൽപ്പടി ഭൂമി പുഴപുറമ്പോക്ക് ഭൂമിയായതിനാലാണ് നികുതി സ്വീകരിക്കാത്തത്. പുഴപുറമ്പോക്ക് ഭൂമി പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പഞ്ചായത്തിന്റെ അനുമതിയോടുകൂടി മാത്രമെ സർവ്വേ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതനുസരിച്ച്, ഇതിനാവശ്യമായ നിർദ്ദേശം നല്കുന്നതിനും അതിനെക്കുറിച്ച് ആലോചിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(13) വ്യവസായ സംരംഭകർക്ക് പലിശയിളവ്

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, പല മേഖലകളിലും പിന്നോക്കം നില്ക്കുന്ന കാസർഗോഡ് ജില്ല വ്യവസായ മേഖലയിലും ഏറ്റവും പിന്നിൽത്തന്നെയാണ്. പരീക്കർ കമ്മീഷൻ റിപ്പോർട്ടിൽ ഈ പിന്നോക്കാവസ്ഥയെക്കുറിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വ്യവസായ സംരംഭത്തിന് അനുയോജ്യമായ ധാരാളം സ്ഥലം ലഭ്യമാണ്. വ്യവസായ സംരംഭകരെ ആകർഷിക്കാനാവശ്യമായ നടപടികളാണ് വേണ്ടത്. വ്യവസായ സംരംഭകരെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ബോധ്യപ്പെടുത്താനും അതുവഴി അവരെ ആകർഷിക്കാനും ആവശ്യമായ നടപടികൾ ഉണ്ടാകണം. താല്പര്യമെടുത്തുവരുന്ന വ്യവസായ സംരംഭകരോട് പരമാവധി സഹായകരമായ സമീപനമുണ്ടാകണം. പിന്നോക്ക ജില്ലയെന്ന പരിഗണന നല്കി കാസർഗോഡ് ജില്ലയിലെ വ്യവസായ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന ലോണിന് പലിശനിരക്കിൽ പ്രത്യേകം ഇളവ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാൻ സർക്കാർ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു പിന്നോക്ക ജില്ല എന്നുള്ള നിലയിൽ കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly